	3. ബധിരർ-കേൾവി ശേഷി 90 ഡെസിബെല്ലിൽ കുറഞ്ഞത്
	4. മാനസിക വൈകല്യം-ഐ.ക്യൂ 50-ൽ താഴെ
അഗതി (വിധവ) പെൻഷൻ	വിവാഹബന്ധം വേർപെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർവിവാഹം ചെയ്തിട്ടില്ലാത്തവർക്കും ഈ പെൻഷന് അർഹതയുണ്ട്.
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1. 50 വയസ്സ് പൂർത്തിയായിരിക്കണം 2. കേരള സംസ്ഥാനത്ത് സ്ഥിര താമസക്കാരിയായിരിക്കണം.

വികലാംഗക്ഷേമ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് സബ് കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ട്

405 (1851) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിലെ 1808/ഡി2/13 എസ്.ജെ.ഡി. നമ്പർ ഫയലിലെ തീർപ്പ് പ്രകാരം, അന്വേഷണം നടത്താൻ നിയോഗിച്ച വികലാംഗക്ഷേമ കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ സബ്കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ ശിപാർശയെന്തെങ്കിലുമുണ്ടെങ്കിൽ ആയതിന്മേൽ ആവശ്യമായ തുടർനടപടി അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ബോർഡ് അംഗീകരിക്കുന്ന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly